**A** **502**

# സമഗ്രശിക്ഷാ കേരളം
# പാദവാർഷിക മൂല്യനിർണ്ണയം 2023-2024

## മലയാളം
## കേരളപാഠാവലി

**ക്ലാസ് : 5** **സമയം: 2 മണിക്കൂർ**

---

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. രണ്ടു മുതൽ ആറു വരെയുള്ള പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1 – വായിക്കാം എഴുതാം**

**താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.**

ഗാന്ധിജി ഒന്നിനെയും നിസ്സാരമായി കരുതിയിരുന്നില്ല. ഓരോന്നിനും അതാതിന്റെ വിലയുണ്ട്. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഇതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. ലോകം കണ്ട യുഗപുരുഷനാണദ്ദേഹം. അതുകൊണ്ടദ്ദേഹം പറഞ്ഞു.

'എന്റെ ജീവിതമാണ് എന്റെ സന്ദേശം'

ഒരു ദിവസം ഇംഗ്ലീഷുകാരായ രണ്ടു പേർ ഗാന്ധിജിയെ കാണാനെത്തി. ഗാന്ധിജി വസ്ത്രം അലക്കുകയായിരുന്നു. അവർ ഇതിന് മുമ്പ് ഗാന്ധിജിയെ കണ്ടിരുന്നില്ല. വസ്ത്രം അലക്കുന്നത് വേലക്കാരനോ മറ്റോ ആകുമെന്ന് അവർ കരുതി.

"ഞങ്ങൾ ഗാന്ധിജിയെ കാണാൻ വന്നതാണ്. അദ്ദേഹം ഇവിടെയില്ലേ" ? അവർ ചോദിച്ചു.

"അദ്ദേഹം ഇവിടെയുണ്ട്. കയറിയിരിക്കൂ."

വെള്ളക്കാർ ആശ്രമത്തിലെ ബഞ്ചിൽ ചെന്നിരുന്നു. വസ്ത്രം അലക്കി ഉണങ്ങാനിട്ട ശേഷം ഗാന്ധിജി വെള്ളക്കാരുടെ അടുത്തേക്ക് വന്നു.

"പറയൂ, എന്താ വിശേഷം"?

"ഗാന്ധിജിയുടെ കൂടെ താമസിച്ച് കാര്യങ്ങൾ പഠിക്കാനാണ് ഞങ്ങൾ വന്നത്".

"നല്ലത്. ഞാൻ തന്നെയാണ് ഗാന്ധി".

അതുകേട്ട് വെള്ളക്കാർ ചാടിയെണീറ്റു. അവർ അദ്ദേഹത്തെ വന്ദിച്ചു. കിണററിനടുത്ത് വസ്ത്രമലക്കിക്കൊണ്ടിരുന്നത് ഗാന്ധിജിയാണെന്ന് അവർ കരുതിയിരുന്നില്ല.

( പയ്യന്നൂർ കുഞ്ഞിരാമൻ)

എ) ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന യുഗപുരുഷൻ ആരാണ്?

- നെഹ്റു
- ഗാന്ധിജി
- ടാഗോർ

ബി) ഇംഗ്ലീഷുകാർ കാണാൻ വന്നപ്പോൾ ഗാന്ധിജി എന്തു ചെയ്യുകയായിരുന്നു?

- വെള്ളം കോരുകയായിരുന്നു
- ചെടി നനയ്ക്കുകയായിരുന്നു
- വസ്ത്രം അലക്കുകയായിരുന്നു

സി) വസ്ത്രം അലക്കുന്നത് ആരാണ് എന്നാണ് ഇംഗ്ലീഷുകാർ കരുതിയത്?

- തോട്ടക്കാരൻ
- അലക്കുകാരൻ
- വേലക്കാരൻ

ഡി) ഗാന്ധിജിയെക്കുറിച്ച് വായിച്ചതിലൂടെ അദ്ദേഹത്തിന്റെ സ്വഭാവത്തിലെ എന്തു പ്രത്യേകതയാണ് മനസ്സിലായത്?

- ദേഷ്യം
- വെറുപ്പ്
- വിനയം

ഇ) വെള്ളക്കാർ എന്തിനാണ് ആശ്രമത്തിൽ വന്നത്?

- ഗാന്ധിജിയുടെ കൂടെ താമസിച്ച് കാര്യങ്ങൾ പഠിക്കാൻ
- ഗാന്ധിജിയെ വിലങ്ങു വെക്കാൻ
- ഗാന്ധിജിയെ നാടുകടത്താൻ

**പ്രവർത്തനം 2 (എ) പത്രവാർത്ത**

താഴെ കൊടുത്ത നോട്ടീസ് വായിക്കൂ....

**ജൂലൈ – 21**

## ചാന്ദ്രവിജയ ദിനം

പ്രിയരേ,

മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയതിന്റെ ഓർമ പുതുക്കുന്ന ദിവസമാണ് ജൂലൈ 21 . ഈ ദിനം റാണിപുരം യു.പി.സ്കൂളിൽ ചാന്ദ്രവിജയദിനമായി ആഘോഷിക്കുകയാണ്. ഏവരും പങ്കെടുത്ത് പരിപാടി വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പി.ടി.എ. പ്രസിഡന്റ് ഹെഡ്മാസ്റ്റർ

**കാര്യപരിപാടി**

| | | |
|---|---|---|
| സ്വാഗതം | : | ശ്രീ. ദിവാകരൻ (ഹെഡ്മാസ്റ്റർ, റാണിപുരം യു.പി.സ്കൂൾ) |
| അധ്യക്ഷ | : | ശ്രീമതി ലളിത (പി.ടി.എ. പ്രസിഡന്റ്) |
| ഉദ്ഘാടനം | : | ശ്രീ. അബ്ദുൾ ബഷീർ (പ്രസിഡന്റ്, മലയോരം ഗ്രാമപഞ്ചായത്ത്) |
| ആശംസ | : | കുമാരി കവിത (സ്കൂൾ ലീഡർ) |
| നന്ദി | : | ശ്രീമതി ലസിത (കൺവീനർ, സാമൂഹ്യശാസ്ത്രക്ലബ്ബ്) |

- വീഡിയോ പ്രദർശനം.
- ചാന്ദ്രയാത്രാ വേഷ മത്സരം
- ചാന്ദ്രദിന ക്വിസ് മത്സരം

ചാന്ദ്രദിനാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രവർത്തനങ്ങൾ മനസ്സിലായല്ലോ. അവ ഉൾപ്പെടുത്തി പത്രവാർത്ത തയ്യാറാക്കുക.

(ബി). പാത്തുമ്മയുടെ ആട് ഏത് പുസ്തകമാണ് ആദ്യം സാപ്പിട്ടത്?.

(ശബ്ദങ്ങൾ, ബാല്യകാലസഖി, പ്രേമലേഖനം)

## പ്രവർത്തനം 3 – ജീവചരിത്രക്കുറിപ്പ്



കുഞ്ഞുണ്ണി മാഷ്

ആത്മകഥ 'എന്നിലൂടെ'

അച്ഛൻ- വലപ്പാട്ട് അതിയാരത്ത് തേറത്ത് പറമ്പിൽ ഞായപ്പിള്ളി നീലകണ്ഠൻ മൂസത്
അമ്മ- നാരായണി അമ്മ

തൃശൂർ ജില്ല

കുട്ടേട്ടൻ എന്ന പേരിൽ മാതൃഭൂമിയിൽ എഴുതി.

ജനനം: 1927 മെയ് 10
മരണം: 2006 മാർച്ച് 26

അമൃതകഥകൾ
അക്ഷരത്തെറ്റ്
ഊണ് തൊട്ട് ഉറക്കം വരെ
നമ്പൂതിരി ഫലിതങ്ങൾ
വലിയവനാകാൻ
കടങ്കഥകൾ

പൊക്കമില്ലായ്മയാണ് എന്റെ പൊക്കം

മുട്ടായിക്ക് ബുദ്ധിവച്ചാൽ
ബുദ്ധിമുട്ടായി

കുഞ്ഞുണ്ണിമാഷിനെക്കുറിച്ച് തന്നിരിക്കുന്ന വിവരങ്ങളും അറിയാവുന്ന മറ്റ് കാര്യങ്ങളും ചേർത്ത് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

## പ്രവർത്തനം 4 (എ) വിവരണം

### ഭൂമിയിലെ സ്വർഗം

ഏഴാം ക്ലാസിൽ പഠിക്കുന്ന അസ്മിന നാടിനെക്കുറിച്ച് എഴുതിയത് വായിച്ചുനോക്കൂ.

ഭൂമിയിലെ സ്വർഗം! അത്ഭുതപ്പെടേണ്ട. ഈ സ്വർഗം സ്വർണ്ണം കൊണ്ടോ പവിഴം കൊണ്ടോ ഉള്ളതല്ല. ഹരിതഭംഗിയാർന്ന മരങ്ങൾകൊണ്ടുള്ളതാണ്. പച്ചപിടിച്ച കുന്നുകളും കാറ്റിൽ തലകുനിച്ചാടുന്ന പുൽമേടുകളും മരങ്ങൾക്ക് കൂട്ടായുണ്ട്. ഇവക്ക് അടുത്തായി ഒരു പാറയുണ്ട്. 'വല്ല്യാറ' എന്നാണ് പേര്. ഈ പാറമുത്തശ്ശന്റെ വിശേഷങ്ങൾ അനവധിയാണ്.

'മലയാളനാടേ, ജയിച്ചാലും' എന്ന പാഠഭാഗത്തും കേരളത്തിന്റെ പ്രത്യേകതകൾ നാം മനസ്സിലാക്കിയിട്ടുണ്ട്. നിങ്ങളുടെ നാട്ടിലുമുണ്ടാകും ഇതുപോലെയുള്ള സ്ഥലങ്ങളും കാഴ്ചകളും
നിങ്ങൾക്ക് ഇഷ്ടപ്പെട്ട സ്ഥലത്തെക്കുറിച്ച് വിവരണം തയ്യാറാക്കുക.

(ബി) ഭൂമിയെ അതിന്റെ തനിരൂപത്തിൽ ആദ്യമായി കാണാൻ ഭാഗ്യം സിദ്ധിച്ചത് ആർക്കാണ്?

( യൂറിഗഗാറിൻ, ഹിലാരി, രാകേഷ് ശർമ്മ)

പ്രവർത്തനം 5. അഭിനന്ദനസന്ദേശം



ഇതാണ് മിന്നു മണി. കേരളത്തിന്റെ അഭിമാന ക്രിക്കറ്റ് താരം. കേരളത്തിൽ നിന്നും ഇന്ത്യയ്ക്കു വേണ്ടി കളിക്കുന്ന ആദ്യ വനിതക്രിക്കറ്റ് താരം. വയനാട് ജില്ലയിൽ 1999 മാർച്ച് 24 നാണ് ജനനം. ഇന്ത്യയ്ക്ക് വേണ്ടി ബംഗ്ലാദേശിനെതിരെ ആയിരുന്നു മിന്നു മണിയുടെ ആദ്യ മത്സരം.

ഇന്ത്യൻ ക്രിക്കറ്റ് ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മിന്നു മണിയെ അഭിനന്ദിച്ചുകൊണ്ട് സന്ദേശം തയ്യാറാക്കുക.

പ്രവർത്തനം 6 (എ) ലഘുകുറിപ്പ്

ജൂൺ 19 വായനദിനവുമായി ബന്ധപ്പെട്ടു സ്കൂളിൽ ധാരാളം പ്രവർത്തനങ്ങൾ നടന്നു കാണുമല്ലോ. സ്കൂളിൽ നടന്ന പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്തു ലഘുകുറിപ്പ് തയ്യാറാക്കുക. ചുവടെ കൊടുത്തിരിക്കുന്ന സൂചനകൾ കൂടി പരിഗണിക്കുമല്ലോ.

- പി.എൻ. പണിക്കർ അനുസ്മരണം
- ലൈബ്രറി സന്ദർശനം
- പുസ്തകവായന
- പ്രിയപ്പെട്ട എഴുത്തുകാർ

(ബി) 'കോയസ്സൻ' എഴുതിയത് ആരാണ് ?

( ചങ്ങമ്പുഴ, ഉറൂബ്, ബഷീർ)